മുന്നോക്ക കമ്മീഷനിൽ ക്രൈസ്തവരെ സർക്കാർ അവഗണിച്ചു : ബിജു പറയന്നിലം

കൊച്ചി : മുന്നോക്ക വിഭാഗക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള കമ്മീഷൻ കേരള സർക്കാർ പുനസംഘടിപ്പിച്ചപ്പോൾ ക്രൈസ്തവ വിഭാഗത്തെ പൂർണ്ണമായും അവഗണിച്ചത് പ്രതിഷേധാർഹമാണെന്ന് കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ബിജു പറയന്നിലം. കേരളത്തിലെ പ്രധാന മുന്നോക്ക വിഭാഗക്കാരായ നമ്പൂതിരി, നായർ, ക്രൈസ്തവ വിഭാഗങ്ങൾക്ക് മുൻ കാലങ്ങളിൽ കമ്മീഷനിൽ തുല്യ പ്രാതിനിധ്യം ലഭിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ കമ്മീഷൻ പുനസംഘടിപ്പിച്ചപ്പോൾ ക്രൈസ്തവ വിഭാഗത്തിന് പ്രാതിനിധ്യം നൽകാൻ കേരള സർക്കാർ തയ്യാറാകാത്തത് ക്രൈസ്തവ വിഭാഗത്തോടുള്ള നിഷേധാത്മക നിലപാടാണ്. ജസ്റ്റിസ് എ. വി. കൃഷ്ണപിള്ള ചെയർമാനായിരുന്ന മുന്നോക്ക കമ്മീഷൻ സർക്കാരിന് നൽകിയ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നാളിതുവരെ സർക്കാർ പരിഗണിച്ചിട്ടില്ല. ക്രൈസ്തവ വിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്നു മാത്രമല്ല ആയതിനായുള്ള കമ്മീഷനിൽ പ്രാതിനിധ്യം പോലും നൽകിയിട്ടില്ല എന്നത് ഗൗരവമായി കാണുന്നുവെന്നും, സർക്കാർ കുറവുകൾ പരിഹരിച്ച് നീതിപൂർവ്വമായി കമ്മീഷൻ പുനസംഘടിപ്പിക്കണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗത്തിലെ കുട്ടികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ ഈ സർക്കാർ തടഞ്ഞു വച്ചിരിക്കുകയാണ്, ഈ നയത്തിൽ മാറ്റം വരുത്തി സ്കോളർഷിപ്പുകൾ ഉടൻ വിതരണം ചെയ്യണമെന്നും ബിജു പറയന്നിലം ആവശ്യപ്പെട്ടു. യോഗത്തിൽ കത്തോലിക്ക കോൺഗ്രസ് സംസ്ഥാന സെക്രട്ടറിമാരായ പ്രൊഫ. ജാൻസൻ ജോസഫ്, ബെന്നി ആന്റണി, ഡോ. ജോസുകുട്ടി ഒഴുകയിൽ, തോമസ് പീടികയിൽ, ജോർജ്ജ് കോയിക്കൽ, തൊമ്മി പിടിയത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

കൊച്ചി

21.03.19

ബെന്നി ആന്റണി
സെക്രട്ടറി
9895779408